പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 742

13.06.2012–ൽ
മറുപടിയ്ക്കു

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ്നടത്താൻ നിശ്ചയിച്ചിരിക്കുന്നത്;

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ 2050 വർഷ കാലയളവുവരെയുള്ള ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു പ്രകാരം താഴെ പറയുന്ന ജോലികളാണ് മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളത്.

**നിലയ്ക്കൽ**

1. സി, ഡി എന്നീ ബ്ലോക്കുകളിലെ പാർക്കിംഗ് ഗ്രൗണ്ടിൻെറ നിർമ്മാണം.
2. കെ.എസ്.ആർ.ടി.സി. പാർക്കിംഗ് സ്ഥലത്തിൻെറ വികസനം.
3. പാർക്കിംഗ് സ്ഥലങ്ങളിലേക്കുള്ള റോഡുകളുടെ നിർമ്മാണം.
4. വാഹനങ്ങളിലെ ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജോലിക്കാരുടെ താമസ സൗകര്യം
5. കടുവാത്തോടിനടുത്ത് ചെക്ക് ഡാം
6. ജലസംഭരണി
7. നിലയ്ക്കൽ മഹാദേവർ ക്ഷേത്ര ശ്രീകോവിലിൻെറ പുനർ നിർമ്മാണം.
8. പള്ളിയക്കാവ് ദേവീ ക്ഷേത്ര ശ്രീകോവിൽ പുനർ നിർമ്മാണം
9. ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക

**ശബരിമല**

1. മരാമത്ത് കോംപ്ലക്സിനടുത്ത് കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയ സ്ഥലത്ത് ഇൻറർലോക്കിംഗ് കോബ്ററർ വിരിച്ച് ഉപയോഗപ്രദമാക്കുക
2. കുന്നാറിൽ ഇപ്പോഴുള്ള ഡാമിൻെറ ഉയരം കൂട്ടി കൂടുതൽ ജലം ലഭ്യമാക്കുന്ന പദ്ധതി (സ്പോൺസർഷിപ്പ് പ്രകാരം)

3. പമ്പ മുതൽ ശബരിമല വരെയുള്ള റോപ്പ്‌വേയുടെ നിർമ്മാണം
4. ശബരിമലയിലും, പമ്പയിലും സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ
5. ശബരിമലയിൽ അപ്പം, അരവണ നിർമ്മാണ ത്തിനായി പുതിയ പ്ലാൻറ്
6. സ്വാമി അയ്യപ്പൻ റോഡിൻെറ പുനരുദ്ധാരണ പണികൾ
7. വലിയ നടപ്പന്തലിന് രണ്ടാം നില പണിയുക

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇതുവരെ പൂർത്തി ആക്കിയതെന്ന് വിശദമാക്കാമോ?

(ബി) ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

1. തീർത്ഥാടകർക്ക് ശബരിമല ദർശനം കഴിഞ്ഞ് ചന്ദ്രാനന്ദൻ റോഡിലേയ്ക്ക് മടങ്ങുവാൻ ബെയ്‌ലി ബ്രിഡ്ജും അപ്രോച്ച് റോഡു-മടങ്ങുന്ന 'ശരണസേതു' എന്ന നിർഗ്ഗമന പാത.
2. ശബരിപീഠത്തിനും, മരക്കൂട്ടത്തിനുമിടയിൽ ക്യൂകോംപ്ലക്സ്.
3. സ്വാമി അയ്യപ്പൻ റോഡിൻെറ വികസനം-ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ
4. നിലയ്ക്കലിലെ റോഡുകളുടെ താൽക്കാലിക-അത്യാവശ്യ പണികൾ.

സെക്ഷൻ ഓഫീസർ